# വിജയപ്രദസ്തോത്രം

ശ്രീനാരായണ! ജയ ഗോവിന്ദ! വാസുദേവ!
ആനന്ദമൂർത്തേ! ജഗദീശ്വര! ദയാനിധേ!
ശാശ്വത! സനാതന! സർവ്വേശ! സർവ്വേശ്വര!
വിശ്വസംഹാര സൃഷ്ടിസ്ഥിതി കാരണമൂർത്തേ!
പങ്കജേക്ഷണ! രമാവല്ലഭ! ധരാപതേ!
പങ്കജശരവൈരിസേവിത നമോ നമഃ
ശ്രീപത്മനാഭ! മധുസൂദന! കാരുണ്യാബ്ധേ!

പാപനാശന! ജഗന്മംഗല! നമോനമഃ!
ഇത്തരം ഹരിനാമം കീർത്തിച്ചു ഭക്തിയോടും
ചിത്തമോദേന വന്ന പൈങ്കിളിപ്പൈതലേ! നീ
പാർത്ഥനു വിജയം വന്നീടുവാനായിക്കൊണ്ടു
പേർത്തുടൻ ശ്രീഹനുമാൻ വിജയപ്രദസ്തോത്രം
ഉപദേശിച്ചതിപ്പോൾ ഞങ്ങളിൽ കൃപയാലെ
ഉപദേശിക്കവേണം ശുകമെ! സുഖത്തോടും
ഇത്തരം ദേവജനവാക്യത്തെക്കേട്ടനേരം
ചിത്തമോദേന കിളിപ്പൈതലും ചൊല്ലീടിനാൾ:-
അംബികാസുതൻ ഗണനായകൻ വിഘ്നങ്ങളെ
നന്മയിൽ തീർത്തുരക്ഷിച്ചീടുവാൻ വണങ്ങുന്നേൻ

മൽഗുരു സച്ചിന്മയമൂർത്തിയും വിരവോടു

ഉൾക്കുരുന്നിങ്കൽ പ്രസാദിച്ചുടൻ വിളങ്ങേണം.
ഗീർവാണമായുള്ളോരു വിജയപ്രദസ്തോത്രം
ഉർവിയിലുപകാരം സിദ്ധിപ്പാനായിക്കൊണ്ടു
ഭാഷയായ് കഥിക്കുന്നേനിതിനെ മഹാജനം
ഭാഷിച്ചീടുവാനായിട്ടേറ്റവും വന്ദിക്കുന്നേൻ
സകലകാര്യങ്ങളും സാധിപ്പാനെളുപ്പമാം
അകമേ കേൾപ്പിൻ നിങ്ങൾ വിജയപ്രദസ്തോത്രം
പാർത്ഥനു ജയം ലഭിച്ചീടുവാനായിക്കൊണ്ടു

ആർത്തിനാശനൻ ഹനുമാനെക്കൊണ്ടിതു മുന്നം
വിജയൻ തനിക്കുപദേശിപ്പിച്ചതു കേട്ടാൽ
വിജയം വന്നുകൂടും സകല കാര്യത്തിനും
എങ്കിലോ കേട്ടുകൊൾവിൻ ഭാരതയുദ്ധത്തിന്നു
പങ്കജേക്ഷണൻ കൃഷ്ണൻ പാർത്ഥനു സാരഥിയായ്
യുദ്ധം ചെയ്വതിന്നായ് മുതിർന്ന സമയത്തു
യുദ്ധത്തിനല്പം ഭയംകണ്ടിതു പാർത്ഥനപ്പോൾ
യുദ്ധത്തിൽ മൌനത്തോടും മുഖവും വാടിക്കൊണ്ട-
സ്വസ്ഥനായ് ഉത്സാഹമില്ലാതുള്ള വിജയനെ
കണ്ടുകാരുണ്യംപൂണ്ടു മായാമാനുഷൻ കൃഷ്ണൻ
കുണ്ഠിതം തീരുമാറുമീവണ്ണമരുൾ ചെയതു :-
"എന്തെടോവിജയാ, നിൻമാനസം തന്നിലല്പം
ചിന്തയുണ്ടെന്നപോലെ തോന്നുന്നു കാണുന്നേരം
എന്തുകാരണം തവ സന്താപമുണ്ടായ്വരാൻ
അന്തരം വിട്ടു പറഞ്ഞീടു നീ മടിയാതെ
ഉത്സാഹം കൈക്കൊണ്ടുയുദ്ധം ചെയ്വാൻ ഭാവിച്ചുള്ളോ-
രിസ്സമയത്തിലെന്തു വിരക്തി ഭവിക്കുന്നു"
ആധിനാശനം ചെയ്തു സന്തോഷം വർദ്ധിപ്പിക്കും
[illegible]പാടിങ്ങനെ കേട്ടു പാർത്ഥൻ

മാധവന്റരുളപ്പാടിങ്ങനെ കേട്ടു പാർത്ഥൻ
"മാധവാ ജയ ജയ ഭക്തവത്സലാ പോറ്റി
ചേതസി മമ ഭീതിപെരുതായ് ചമയുന്നു.
ദ്രോണഭീഷ്മാദികളായുള്ളവരുടെ നേരെ
പ്രാണഭീതിയെ വെടിഞ്ഞെങ്ങനെയെതിർക്കേണ്ടു?
ശതസിംഹത്തോടെതിർത്തീടുവാനൊരു ഗജം
മതിയിൽ ഭയംവിനാ എതിർക്കുന്നതുപോലെ
ഒരു മൂഷികൻ ബത മാർജ്ജാരസംഘേ ചെന്നു
പെരികേ ധൈര്യത്തോടു ജയിപ്പാനെന്നപോലെ
കൌരവസൈന്യത്തെ ഞാനെങ്ങനെ ജയിക്കേണ്ടു
കാരുണ്യാംബുധേ! കനിഞ്ഞരുളിച്ചെയ്തീടവേണം
ബന്ധുവത്സല! കാരുണ്യാംബുധേ! ജഗല്പതേ!
നിന്തിരുമനസ്സെന്തെന്നറിഞ്ഞുകൊണ്ടീല ഞാൻ"

ഇത്തരം ഭീതനായിച്ചൊന്നൊരു പാർത്ഥനോട്
സത്വരം കൃഷ്ണൻ താനുമീവണ്ണമരുൾചെയ്തു:-
"കേട്ടുകൊള്ളുക സർവ്വഭയവും തീർന്നുപാരം
വാട്ടമില്ലാതെ ജയം വരുവാനൊരുവഴി
വിജയപ്രദമെന്ന സ്തോത്രത്തെ പാഠം ചെയ്താൽ
വിജയം വന്നുകൂടും സകല കാര്യത്തിനും
ഹനുമാൻ തനിക്കിതു രാഘവൻ ദാശരഥി
മനസ്സിൽ സന്തോഷമായ് ഉപദേശിച്ചു മുന്നം
മറ്റൊരുവരുമിതു ഗ്രഹിച്ചിട്ടില്ല മുന്നം
മുറ്റും മൽഭക്തശ്രേഷ്ഠൻ ഹനുമാനൊഴിഞ്ഞന്യേ
ശ്രീഹനുമാനെക്കൊണ്ടു നിന്നോടു പറയിക്കാം
ദീനഭാവവും തീർന്ന് ജയവും വന്നുകൂടും
ശ്രീഹനുമാനെ ധ്യാനിച്ചീടുക വിരവിൽ നീ
ദീനത തീർപ്പാനിപ്പോളിവിടെ വരുമല്ലൊ!"
ഇത്തരം ഭഗവാൻ തന്നരുളപ്പാടുകേട്ടു
ചിത്തത്തിൽ ധ്യാനിച്ചിതു ശ്രീഹനുമാനെ പാർത്ഥൻ
ഭക്താഢ്യൻ ഹനുമാനും ഹിമവൽഗിരിതടേ
മുക്ത്യർത്ഥം രാമപാദധ്യാനതല്പരനായി

നിശ്ചലഭക്ത്യാവസിച്ചീടുന്നോരളവുതൻ
ഇച്ഛയിൽതോന്നി വിജയൻ തന്നെച്ചിന്തിച്ചതു
കാരണപുരുഷനും പാർത്ഥനും കൂടിയിപ്പോൾ
ഭാരം ഭൂമിയ്ക്കുകളഞ്ഞീടുവാനായിക്കൊണ്ടു
കുരുക്ഷേത്രത്തിൽ രഥംതന്നിൽ വാണീടുന്നതു
തെരിയ്ക്കെന്നവിടേയ്ക്കു പോകേണമെന്നുറച്ചു
രാമരാമേതിജപിച്ചൊന്നങ്ങു കുതിച്ചിതു
സാമോദം കൃഷ്ണാർജ്ജുനസവിധേ മേവീടിനാൻ
ജിഷ്ണുവാൽ സേവിതനായ് രഥത്തിൽ വസിക്കുന്ന
കൃഷ്ണനെക്കണ്ടു സന്തോഷാശ്രുക്കളോടും കൂടി
എത്രയും ഭക്തിയോടെ നമസ്കാരവും ചെയ്തു
തത്രൈവ കൃഷ്ണൻതന്നെ സ്തുതിച്ചു പലതരം

"പങ്കജേക്ഷണ! കൃഷ്ണ! പാലയ! മധുരിപോ!
പങ്കനാശന! ഗോപബാലക! ഭക്തപ്രിയ!
നാമരൂപങ്ങളില്ലാതൊരുനിന്നെ ഞാനിപ്പോൾ
സാമോദം സ്തുതിയ്ക്കേണ്ടതെങ്ങനെ ദയാനിധേ!
മായാമാനുഷാ നിന്നെസ്തുതിപ്പാനരുതാർക്കും
മായകൊണ്ടല്ലോ നിന്നെ സ്തുതിച്ചീടുന്നു ചിലർ."
ഇത്തരം സ്തുതിച്ചു നിൽക്കുന്ന ശ്രീഹനുമാനെ
സത്വരം നമസ്ക്കരിച്ചീടിനാൻ വിജയനും
"അഞ്ജനാസുത! വായുതനയ! കാരുണ്യാബ്ധേ!
അഞ്ജസാ കാത്തുരക്ഷിക്കേണമേ മഹാബാഹോ"
ഇത്തരം വിജയനും കീർത്തിച്ചു നിൽക്കും മദ്ധ്യേ
എത്രയും സന്തോഷാശ്രു പൊഴിച്ചു കൃഷ്ണൻതാനും
തന്നുടെ ഭക്തശ്രേഷ്ഠനാകിയ ഹനുമാനെ
മന്ദമായാലിംഗനം ചെയ്തുടൻ കുതൂഹലാൽ
"മംഗലമതേ! നിന്നെക്കണ്ടതു മൂലമിപ്പോൾ
മംഗലം ഭവിച്ചിതു മാനസത്തിന്നുപാരം.
വിജയപ്രദസ്തോത്രം നിനക്കു രഘുവരൻ
വിജയം വരുവാനായുപദേശിച്ചതിപ്പോൾ
വിജയൻ തനിയ്ക്കു നീയുപദേശിച്ചീടണം
വിജയം വരുവാനായ് പാർത്ഥനുമടിയാതെ."
ഇത്തരം കൃഷ്ണനരുൾചെയ്തതു കേട്ടനേരം
ചിത്തത്തിൽ ഭക്തിമുഴുത്തെത്രയും പരവശാൽ
ഉൾക്കൊണ്ട കണ്ണുനീരിൽ മുഴുകിവിവശനായ്
ഗദ്ഗദാക്ഷരത്തോടുമീവണ്ണമുണർത്തിച്ചാൻ :-
"മായാമാനുഷ! ജഗന്നായക! ഭക്തപ്രിയ!
മായകൊണ്ടെന്നെ മയക്കീടായ്കനീയൊരുനാളും
നിന്തിരുവടിയല്ലൊ എനിക്കു മുന്നമിതു
സന്തോഷമോടെയരുൾ ചെയ്തതു ദയാനിധേ!
അന്ധത്വം വന്നുബാധിച്ചീടായ്വാൻ കൃപയാലെ
നിന്തിരുവടിതന്നെയരുളിച്ചെയ്യേണമേ
അന്ധനായുള്ളോരടിയനെന്തു ചൊല്ലീടുന്നു

ബന്ധുവത്സലാ പരിപാലിച്ചു കൊള്ളേണമേ."
ഇത്തരം കേട്ടനേരം ഭഗവാൻ കുതൂഹലാൽ
ചിത്തമോദേന ഹനുമാൻ തന്നോടരുൾചെയ്തു.
"ഭക്തന്മാർ മകുടമാണിക്കമേ! കേട്ടാലും നീ
ഭക്തരും ഞാനും ഒരു ഭേദമില്ലെന്നു നൂനം
ഈശ്വരമാഹാത്മ്യത്തെ കീർത്തനം ചെയ്തീടുവാൻ
വിശ്വത്തിലാരുള്ളതു ഭക്തന്മാരൊഴിഞ്ഞന്യേ
ആകയാൽ നീയുമിനി സ്തോത്രത്തെ വിരവോടു
പാകശാസനസുതൻ തന്നോടു ചൊല്ലീടുക.
ലോകപൂജിതനായ നീയതു ചൊല്ലീടുകിൽ
ലോകത്തിന്നുപകാരമായ് വരുമിനിമേലിൽ."
ഇത്തരം കേട്ടനേരം ഹനുമാൻ പാർത്ഥൻതന്നെ
സത്വരം പുണർന്നുടനൊന്നു ചുംബിച്ചുപാരം
ചിത്തത്തിൽ ഭഗവാനെ ദൃഢമായുറപ്പിച്ചു
എത്രയും കുതൂഹലാൽ പാർത്ഥനോടേവം ചൊന്നാൻ :-
"കേട്ടുകൊള്ളുക നീയും സകലഭയം തീർന്നു
ഒട്ടൊഴിയാതെ കാര്യം ജയിപ്പാനൊരുസ്തോത്രം.
വിജയംതന്നെ പഠിക്കുന്നോർക്കും ദാനംചെയ്യും
വിജയപ്രദമായ സ്തോത്രത്തെക്കേട്ടീടുകിൽ
നിന്തിരുവടിയായ ഭഗവാൻ മുന്നമെനി -
യ്ക്കന്തരാത്മനിമോദാലരുൾ ചെയ്തതുപോലെ.
ചൊല്ലുവൻ നിന്നോടിപ്പോൾ സർവ്വവും ജയംവരും
തെല്ലുമേ ചിത്തം ചലിക്കാതെ കേട്ടീടുനീയും
പാരമാം രഹസ്യമായിട്ടല്ലോ മുന്നമിതു -
ദേവേശനരുൾചെയ്തതു മറ്റാരുമറിഞ്ഞീല.
തൻതിരുവടിനിനക്കിപ്പൊഴേ ചൊല്ലേണമെ-
ന്നന്തരഹീനമരുൾചെയ്തതുകേൾക്കയാലെ
നിന്നുടെ ഭക്തികണ്ടുസന്തോഷം മുഴുക്കയാൽ
നിന്നോടുചൊല്ലീടുവൻ കേട്ടാലും വഴിപോലെ :-
"പങ്കജമകൾതന്നെത്തിരഞ്ഞു കണ്ടീടുവാൻ
പങ്കജവിലോചനനാകിയ ദാശരഥി

വാനരന്മാരെയനുഗ്രഹിച്ചു യാത്രയാക്കി
ദീനവത്സലനെന്നെ വിളിച്ചു രഹസ്യമായ്
തൃക്കൈകൾകൊണ്ടു തലോടീടിനാനെന്നെ മന്ദം
ഉൾക്കാമ്പുതെളിഞ്ഞുടനരുളിച്ചെയ്തീടിനാൻ
ലോകനാഥയെക്കാണ്മാൻ പോകുന്നനിങ്ങളിൽ വ-
ച്ചേകനായ് വിശ്വസിച്ചേൻ നിന്നെഞ്ഞാൻ വഴിപോലെ
നിന്നുടെ ഭക്തികണ്ടു പ്രസന്നനായേനഹം
നിന്നോടു രഹസ്യമായൊന്നുപദേശിപ്പൻ ഞാൻ
സകലകാര്യം ജയിച്ചീടുവാൻ വിരവൊടു
അകമേ സ്തോത്രം ചെയ്തുകൊള്ളണം മഹേശനെ,
കാര്യത്തിന്നാശുഗമിച്ചീടുന്ന നേരത്തിങ്കൽ
കാര്യം സാദ്ധ്യമായ് വരുവാനൊരു സ്തോത്രമിപ്പോൾ
ചൊല്ലുവനിതുകൊണ്ടു സർവ്വവും ജയിച്ചീടാം
കല്യാണം വന്നുകൂടും വിജയപ്രദമെടോ!
കൈലാസശിഖരത്തിൽ വസിക്കും ദേവൻതന്നെ
കൈതവഹീനം സ്തോത്രം ചെയ്തിട്ടു ഗമിക്കിലോ
കൈവരും സർവ്വകാര്യം സംശയമില്ലതിന്നു
കൈവണങ്ങുന്നേൻ ഞാനും ശങ്കരദേവൻതന്നെ.

# സ്തോത്ര പ്രാരംഭം

കൈലാസമായ ശൈലേ വാണരുളീടും ശൈലേ
നന്ദിനിദേവീകാന്ത! നമസ്തേ നമോ! നമഃ
ഓങ്കാരരൂപ! മഹാദേവ! ശങ്കര! ശംഭോ!
പങ്കജബാണാന്തക! നമസ്തേ നമോ നമഃ
സർവ്വദേവതാരൂപ! ഈശ്വര! ശംഭോ ശിവ!
പർവ്വതാത്മജാകാന്ത! ശങ്കര! ജയ! ജയ!
മന്മഥൻതന്നെ വഹ്നിനേത്രത്തിൽ ദഹിപ്പിച്ചു
നന്മയിൽ മനസ്സതിൽ ജനിപ്പിച്ചതിമോദാൽ
ജന്മനാശങ്ങളില്ലാതാദ്യന്തമില്ലാതൊരു
ചിന്മയമൂർത്തേ! ശംഭോ! നമസ്തേ നമോ നമഃ

കാൽച്ചിലമ്പതും നൃത്തം ചെയ്യുന്ന ശബ്ദങ്ങളും
ചേർച്ചയായ് പ്രകാശിക്കും മംഗലധ്വനികളും
ഹിമവൽപുത്രിയായ ദേവിതാൻ വസിച്ചീടും
വാമഭാഗവും തിരുമേനിയും സദാഹൃദി
ആദ്യന്തഹീനൻതന്നെ ചിന്തിക്കവിരവിൽ നീ
സാദ്ധ്യമായ് വരുമെന്നാൽ സർവ്വകാര്യവും ദൃഢം
എത്രയും ഗുഹ്യമിതു നിന്നോടു ചൊന്നേനിപ്പോൾ
ചിത്തത്തിൽ ഭക്തിയോടും നിത്യമായ് പാഠം ചെയ്തു
സർവ്വാത്മാ നിശ്ചഞ്ചലൻ തന്നെ ധ്യാനിച്ചുകൊണ്ടാൽ
സർവ്വവും സാദ്ധ്യമായി വരുമെന്നതേ വേണ്ടൂ.
ജാനകിയ്ക്കൊട്ടുനിന്നെ വിശ്വാസം വന്നീടുവാൻ
ഞാനൊരടയാളവാക്കു ചൊല്ലീടുവൻ കേൾ നീ :-
കല്യാണാന്തരേ മണിയറയിൽ വിരവൊടു
കല്യാണിയോടുംകൂടി സുഖിച്ചുവാഴുന്നേരം
പാദശുശ്രൂഷചെയ്‌വാൻ മാനിനീജനകജാ
മാനസംതന്നിലോർത്തിട്ടംഗുലീയങ്ങളെല്ലാം
അംഗുലത്തിങ്കൽ നിന്നെങ്ങെടുത്തുവച്ചുകൊണ്ടു
ഭംഗിയോടെന്റെ പാദം മെല്ലവേ തലോടിനാൾ
അന്നേരമംഗുലീയമെന്തു നീ വിയോഗിപ്പാൻ
എന്നുകേട്ടവൾതാനുമെന്നോടു ചൊല്ലീടിനാൾ
നിന്നുടെ പാദം കരിങ്കല്ലിൽത്തട്ടിയമൂലം
സുന്ദരിമനോഹരിയാകിയോരഹല്യയായ്
ഇന്ദ്രനീലക്കല്ലായുള്ളോരംഗുലീയങ്ങൾ
സുന്ദരമായുള്ളോരു പാദേ സ്പർശിക്കുന്നാകിൽ
സുന്ദരിമാരായ് വരുമെന്നോർത്തു ഭയപ്പെട്ടു.
ഇന്നു ഞാൻ സ്പർശിക്കാതെയിരുന്നതറിഞ്ഞാലും.
സുന്ദരിമാരെക്കണ്ടാലെന്നെ വഞ്ചിക്കുമെന്നോ-
ർത്തുള്ളത്തിൽ ഭയപ്പെട്ടു ഞാനതു ചെയ്തീടിനേൻ,
എന്നതുകേട്ടു ഞാനും സന്തോഷിച്ചവളോടു
ഇന്നുതൊട്ടിനിമേലിൽ മറ്റൊരു നാരിതന്നെ

മാനസം തന്നിൽപോലും സ്മരിക്കയില്ലായെന്നു
മാനിനീമണിയോട് സത്യമായ് പറഞ്ഞുഞാൻ
ഇതിനെജ്ജനകജാ തന്നോടു പറകനീ
മതിയിൽ വിശ്വാസവും വർദ്ധിക്കുമവൾക്കെടോ
എന്നരുൾ ചെയ്തുകൊണ്ടിട്ടംഗുലീയവും തന്നു
മന്ദമെന്നിയേപോവാനനുജ്ഞ നൽകീടിനാൻ
ഇങ്ങനെ ഞാനും വിജയപ്രദസ്തോത്രം ചെയ്തു
മംഗലമൂർത്തിതന്നെ ചിന്തിച്ചുനടകൊണ്ടു
അംബുധികടന്നുടൻ ജാനകിതന്നെക്കണ്ടു
നന്മയിലനുജ്ഞയും കൈക്കൊണ്ടു വിരവോടു
ശങ്കകൂടാതെ ദശമുഖനെക്കണ്ടുവേഗം
ലങ്കയും ചുട്ടുജയത്തോടുടൻ പുറപ്പെട്ടു.
സ്വാമിയോടേവം വൃത്താന്തങ്ങളുമറിയിച്ചു
രാമനും സേതുബന്ധിച്ചംബുധി കടന്നുടൻ
തൽക്ഷണേ രാവണനെക്കൊന്നു ദേവിയേയും കൊ-
ണ്ടക്ഷണമയോദ്ധ്യാപുക്കൻപൊടു സുഖിച്ചിതു.
മംഗളമായ വിജയപ്രദസ്തോത്രമിതു
ഇങ്ങനെയരുൾചെയ്തു രാഘവനെനിക്കെടോ!
ഇതിനെസത്യമായി വിജയാ നിന്നോടിപ്പോൾ
അതിമോദേനചൊന്നേൻ വിശ്വസിച്ചീടുനീയും
"പങ്കജേക്ഷണ! കൃഷ്ണ! കാരുണ്യാമൃതസിന്ധോ!
പങ്കങ്ങളൊഴിച്ചെന്നെ കാത്തുരക്ഷിച്ചീടണം."
ഇത്തരം ഹനുമാന്റെ വാക്കുകൾ കേട്ടനേരം
എത്രയും സന്തോഷമായ് ഭവിച്ചു വിജയനും
ഭക്തിയും വിശ്വാസവും ധൈര്യവുമുത്സാഹവും
ചിത്തത്തിൽ ജയം വരുമെന്നുള്ള സന്തോഷവും
കലർന്നുഹനുമാന്റെ പാദത്തിൽ വീണുശീഘ്രം
മുതിർന്നവാക്കുകളാൽ സ്തുതിച്ചു പലതരം.
"വായുനന്ദന! വീര്യശൌര്യവാരിധേ! സ്വാമിൻ!
സ്വൈരമായ് യുദ്ധത്തിനു വരത്തെത്തന്നീടണം

അക്ഷണമതുസാധിച്ചാനന്ദിച്ചോരുമൂർത്തേ
പക്ഷിവാഹനസേവ്യാ! നമസ്തേ നമോ നമഃ
സർവ്വദേവതാരൂപ! ഈശ്വര! ശംഭോ! ശിവ!
പർവ്വതാത്മജാകാന്ത! സർവ്വം മേ ജയ! ജയ!
കോടിസൂര്യപ്രകാശമായ് വിളങ്ങീടുന്നൊരു
കോടീരം തന്നിൽ ബാലചന്ദ്രനും ഗംഗതാനും
തുമ്പയും വില്വദളം ഭക്തന്മാരർച്ചിച്ചുള്ള-
തമ്പോടുധരിച്ചോരു മൌലിയും മനോഹരം.
നിടിലതടംതന്നിൽ വഹ്നിനേത്രവും പിന്നെ
ചുടലാധാരമായ ഭസ്മധൂളിയുമേറ്റം
ഗണ്ഡവും മിന്നുന്നോരു ചാരുകുണ്ഡലങ്ങളും
കർണ്ണവും നാസികയും ഭക്തരെ രക്ഷിച്ചീടും
ചാരുവായ് മൃദുതരം മന്ദമായ് കടാക്ഷിക്കും
വാരിജദളസമം നേത്രവും മനോഹരം
നീലരേഖയെ ധരിച്ചോരു കണ്ഠവും പിന്നെ
ചാലവേ രുദ്രാക്ഷമായുള്ളൊരു മാല്യങ്ങളും
അസ്ഥിമാലയും മുത്തുമാലയും വില്വമാല
എത്രയും മനോഹരമായുള്ള മാല്യങ്ങളും
ശൂലവും കപാലവും മാലയും കുഠാരവും
ചാലവേ ധരിച്ചോരു കരപങ്കജങ്ങളും
മാരവൈരിയാം ദേവൻ തൻ മെയ്യിലണിഞ്ഞൊരു
ചാരുഭൂഷണാവലി വീഥിയുമെത്രരമ്യം
സർപ്പകങ്കണങ്ങളും സർപ്പകാഞ്ചിയും പിന്നെ
സർപ്പമാലയും സർപ്പമണിഭൂഷണങ്ങളും
ബ്രഹ്മാണ്ഡകടാഹവും തന്നുള്ളിൽ വസിച്ചീടും
നന്മയാമുദരവും സുന്ദരം ജഘനവും
ശാർദൂലചർമ്മം ധരിച്ചുള്ളോരു കടിതടേ
ആർദ്രത ചേർന്നുള്ളൊരു രൂപവും മനോഹരം
കണങ്കാലതും ഭക്തജനങ്ങൾ വിരവൊടു
വണങ്ങും പാദംരണ്ടുമെത്രയും മനോഹരം

നിന്തിരുവടിചെയ്ത സ്തോത്രമിന്നടിയനും
അന്തരംവിട്ടു സ്തുതിച്ചീടുന്നേൻ നിയതമായ്
ഭയങ്ങളെല്ലാം തീർന്നു ധൈര്യവും വർദ്ധിച്ചിതു
ഭയങ്ങളുണ്ടാകുമോയിസ്തോത്രം ചെയ്താലിനി."
ഇത്തരം ഹനുമാനെസ്തുതിച്ചു വിജയനും
സത്വരം ഹനുമാനും കൃഷ്ണനെ നമിച്ചിതു.
അന്നേരം ഹനുമാനോടേകദാ നന്ദാത്മജൻ
മന്ദഹാസവും പൂണ്ടിട്ടീവണ്ണമരുൾ ചെയതു.
"ഉത്തമഭക്തശ്രേഷ്ഠനാകിയ ഹനുമാനെ
ചിത്തവുമെനിക്കേറ്റം കുളിർത്തതിതുമൂലം
വിജയപ്രദമായ സാരമാം സ്തോത്രമിതു
വിജയം വരുവാനായ് സ്തുതിക്ക വിജയാ നീ
ഇങ്ങനെയവനിയിൽ ഭക്തന്മാർക്കെല്ലാപേർക്കും
മതിയിൽവിശ്വാസമായ് പാഠം ചെയ്വതിനിപ്പോൾ
നിയമമൊന്നുചൊൽവനിന്നു ഞാൻ സന്തോഷമായ്
നിയമിച്ചേവം പാഠം ചെയ്വാനങ്ങെല്ലാവർക്കും
പ്രാതഃകാലത്തുദേഹശുദ്ധിയെച്ചെയ്തുകൊണ്ടു
ചേതസി സന്തോഷമായ് വിജയപ്രദസ്തോത്രം
നിത്യമായ് പാഠംചെയ്തുകൊണ്ടീടിൽ സർവാഭീഷ്ടം
ചിത്തത്തിൽ വിചാരിച്ചതൊക്കവേ സാധിച്ചീടും
ഭുക്താനന്തരം ഭക്തിയോടിതു പാഠംചെയ്താൽ
ഭുക്തിമുക്തിയും വരുമില്ലസംശയമേതും.
എത്രയും രഹസ്യമായിരുന്നതിപ്പോളിതു
തത്രൈവലോകോപകാരാർത്ഥമായ് ചമഞ്ഞിതു
രാത്രിയിൽ ഗൃഹങ്ങളിൽ നിത്യമായ് പാഠംചെയ്താൽ
ആർത്തികളെല്ലാംതീർന്നു ഗൃഹവും പുഷ്ടിവരും
ഈശ്വരഭക്തിയുണ്ടായ്വന്നീടുമൈശ്വര്യവും
ശാശ്വതമായ് വരുമില്ല സംശയമേതും
രാത്രിയിൽ ഗൃഹങ്ങളിൽ പാഠവും ചെയ്തീടിനാൽ
ആർത്തിയും തീർത്തു ഞാനും നിത്യവും വസിച്ചീടും

രാത്രിയിലേറെമുഖ്യമെന്നതുമറിയണം.,
രാത്രിയിൽ പാഠംചെയ്‌വിനെത്രയും ജനങ്ങളെ
വിജയപ്രദം തന്നെ പാഠം ചെയ്തനന്തരം
വിജയനേയും രഥത്തേയും സാരഥിയാകു-
മെന്നെയും ഹൃദിമോദാൽ ചിന്തിക്കുന്നവർകൾക്കു
ഉന്നതമായ സർവ്വകാര്യവും താനേവരും
പുസ്തകമിതുതൊട്ടു വന്ദിച്ചങ്ങൊരുവഴി
തന്വൈത്രവ പോയാൽത്തന്നെ സാധിയ്ക്കും സകലവും
നിത്യവും ഭക്തിയോടു പാഠംചെയ്തീടുന്നോർക്കു
സർവ്വാഭീഷ്ടവും സാധിച്ചീടുമെന്നതു ദൃഢം
നിശ്ചലഭക്തിയോടും വിജയപ്രദമിദം
വിശ്വസിച്ചേറ്റം പാഠം ചെയ്തീടിൻ ജനങ്ങളെ.
ഇത്തരം ഫലശ്രുതി ഭഗവാനരുൾചെയ്തു
ചിത്തസന്തോഷത്തോടെ ഹനുമാൻതന്നെ നോക്കി
"ഭാരതയുദ്ധം കഴിവോളവും രഥം തന്നിൽ
സ്വൈരമായ് വാണീടുക ഹനുമൻ! മഹാമതേ!"
അങ്ങനെതന്നെയെന്നങ്ങനുവാദവും ചെയ്തു
മംഗലമൂർത്തിതന്നെ വന്ദിച്ചു ഹനുമാനും
വിജയൻ തനിക്കനുഗ്രഹവും ചെയ്തുകൊണ്ടു
സജയം കൊടിമരെ പ്രാപിച്ചു വിളങ്ങിനാൻ
പാർത്ഥനാദ്ധ്യാത്മമൊക്കെ കൃഷ്ണനുമരുൾചെയ്തു
പാർത്ഥനും കൃതകൃത്യനായിതു സന്തോഷത്താൽ
പാർത്ഥനും കൃഷ്ണൻതന്നെ വന്ദിച്ചു ധൈര്യത്തോടും
ധൂർത്തരാംകൌരവരെ വധിച്ചു ജയിച്ചിതു.
ധർമ്മപുത്രാദികളും കൃഷ്ണൻതന്നനുജ്ഞയാ
ധർമ്മേണരാജ്യം പരിപാലിച്ചു വസിച്ചിതു
"ഇത്തരം മുഖ്യമായ വിജയപ്രദസ്തോത്രം
നിത്യമായ് പാഠംചെയ്‌വിൻ ബുദ്ധിയുള്ളവരെല്ലാം"
ഇത്തരം പറഞ്ഞുടനടങ്ങി കിളിമകൾ
തത്രമംഗലം വിജയപ്രദം ശുഭം ശുഭം.

*ഇതി വിജയപ്രദസ്തോത്രമാഹാത്മ്യം സമാപ്തം.*